LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇപ്രകാരം നിർബന്ധിത അവധി നൽകാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ബാധകമല്ല.

(ഡി) മരംമുറി വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ ഭൂപതിവ് പ്രദേശത്ത് നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള രാജകീയ വൃക്ഷങ്ങൾ മുറിക്കാൻ അനുമതി നൽകി ഉത്തരവിറക്കുന്നത് ചട്ടവിരുദ്ധമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് എന്ത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

&

(ഇ) മാനദണ്ഡങ്ങൾ മറികടന്ന് സർവ്വീസ് സംഘടനാ നേതാക്കൾ ഉൾപ്പെടെയുള്ളവരെ സെക്രട്ടേറിയറ്റിനു പുറത്തേയ്ക്ക് സ്ഥലം മാറ്റിയ നടപടി അടിയന്തരമായി മരവിപ്പിക്കുമോ; വ്യക്തമാക്കുമോ?

(ഡി&ഇ) മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റിയതായി പരാതിയൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നിലപാടെടുത്തതിന്റെ പേരിൽ സെക്രട്ടേറിയറ്റിൽ ഒരു ജീവനക്കാരനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കിയ സൂപ്പർവൈസറി കേഡറിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിച്ചിരുന്നു.

ചാത്തന്നൂർ താലൂക്ക് രൂപീകരണം

269(879) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വലിയ താലൂക്കുകളിലൊന്നായ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെയും ജനപ്രതിനിധികളുടേയും ദശാബ്ദങ്ങളായുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

&

(ബി) താലൂക്ക് പുനഃസംഘടന സംബന്ധിച്ചും പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതിനകം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ ?

(എ&ബി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യമുൾപ്പെടെ സംസ്ഥാനത്തെ പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടയഭൂമി ദുരുപയോഗം

270 (880) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമി ദുരുപയോഗം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ റവന്യൂ വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

&

(ബി) പട്ടയ വ്യവസ്ഥകൾ ലംഘിച്ച കേസ്സുകൾ കണ്ടെത്തി നടപടിയെടുക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഭൂ പതിവ് ചട്ടങ്ങൾപ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് ഭാവിയിൽ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുന്നതിനായി ഏത് ആവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 22-8-2019-ലെ ജി.ഒ. (എം.എസ്.) നമ്പർ 269/2019/റവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൈവശാവകാശ സർട്ടിഫിക്കറ്റുകളിൽ പട്ടയ ഭൂമി ഏത് ആവശ്യത്തിനായി പതിച്ചുനൽകിയതാണെന്ന് രേഖപ്പെടുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇപ്രകാരം രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly